ഊർജ്ജക്ഷമതയേറിയതും കൂടുതൽ പ്രകാശം നല്കുന്നതുമായ എൽ.ഇ.ഡി. ബൾബുകൾ വ്യാപിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ആദ്യപടിയായി ഒരു കോടി ബൾബുകൾ കെ.എസ്.ഇ.ബി.എൽ. വാങ്ങിയിരുന്നു. ഇതിൽ 93.3 ലക്ഷം ബൾബുകൾ ഇതിനോടകം വിതരണം നടത്തിയിട്ടുണ്ട്. 25 ലക്ഷം ബൾബുകൾ കൂടി വാങ്ങുന്നതിന് അഡീഷണൽ പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്. ബൾബുകളുടെ വിതരണം ഇപ്പോഴും പുരോഗമിക്കുന്നു.

ഫിലമെന്റ് രഹിത കേരളം പദ്ധതി

191(3623) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിലമെന്റ് രഹിത കേരളം പദ്ധതിയിലൂടെ കേരളത്തിൽ എത്ര എൽ.ഇ.ഡി. ബൾബുകളാണ് ഇതുവരെ വിതരണം ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) അപേക്ഷ നൽകിയവർക്കെല്ലാം എൽ.ഇ.ഡി ബൾബുകൾ വിതരണം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇതിനോടകം വിതരണം ചെയ്ത എൽ.ഇ.ഡി. ബൾബുകളെ അടിസ്ഥാനമാക്കി എത്ര അളവ് വൈദ്യുതിയാണ് സംസ്ഥാനത്തിന് ലാഭിക്കാൻ കഴിയുകയെന്ന് വെളിപ്പെടുത്താമോ;

(ഡി) ഈ പദ്ധതി പ്രകാരം ഇപ്പോഴും ബൾബുകൾ നൽകി വരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ-ഡി) 29-7-2021-ലെ കണക്കനുസരിച്ച് 93.3 ലക്ഷം എൽ.ഇ.ഡി. ബൾബുകളാണ് വിതരണം നടത്തിയിട്ടുള്ളത്. 29-7-2021-ലെ കണക്കനുസരിച്ച് ഈ പദ്ധതിയിൽ 17.1 ലക്ഷം ഉപഭോക്താക്കൾ രജിസ്റ്റർ ചെയ്തിരുന്നു. ഇതിൽ നിലവിൽ എൽ.ഇ.ഡി. ബൾബുകൾ സ്വീകരിക്കാതിരിക്കുന്നവരും വീടുകൾ അടഞ്ഞുകിടക്കുന്ന വിഭാഗത്തിൽ ഉൾപ്പെടുന്നവരും ഒഴികെ ബാക്കി വരുന്ന 15.08 ലക്ഷം ഉപഭോക്താക്കളിൽ 11.73 ലക്ഷം ഉപഭോക്താക്കൾക്ക് എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്തിട്ടുണ്ട്. ബൾബുകളുടെ വിതരണം ഇപ്പോഴും നടന്നുവരുന്നു. ടി പദ്ധതി പൂർത്തീകരിക്കുമ്പോൾ ഏകദേശം 250 മെഗാവാട്ടിന്റെ വൈദ്യുതി ഉപയോഗം കുറയ്ക്കാൻ സാധിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly